**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **31-01-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.ബി. വായ്പയോടെയുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി ഇരുപത്തിനാല്വ മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് എ.ഡി.ബി. വായ്പയോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി ഇരുപത്തിനാല്വ മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.) വായ്പയോടെ കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കുള്ള കൺസൾട്ടൻസികൾ നൽകിയോ; വിശദാംശം നൽകുമോ; | (ബി) | കൺസൾട്ടൻസി കരാറിന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല. |
| (സി) | ഈ പദ്ധതിയിൽ നിന്നും പിന്നീട് തിരുവനന്തപുരം നഗരത്തെ ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ; | (സി) | ഈ പദ്ധതിയിൽ നിന്നും തിരുവനന്തപുരം നഗരത്തെ നിലവിൽ ഒഴിവാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ലെന്ന തൊഴിലാളി സംഘടനകളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | തൊഴിലാളി സംഘടനകളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായി 01/02/2023-ൽ സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായി 27/01/2024-ൽ തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തി, അവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ